# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1357

30.01.2018-ൽ
മറുപടിയ്ക്ക്

### ശ്രീ. പുഷ്പശരന്റെ പ്രമോഷൻ

*ചോദ്യം*
ശ്രീ.വി.ആർ. സുനിൽ കുമാർ

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ പ്രൊഫസർ ഗ്രേഡ് II ആയ ശ്രീ.പുഷ്പശരന്റെ പ്രമോഷൻ വൈകിപ്പിച്ചതിനാൽ, അദ്ദേഹത്തിന്റെ ജൂനിയറായ അധ്യാപകർക്ക് പ്രമോഷൻ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (എറണാകുളം-343/2016 തീയതി 23-3-2016) വിധി നടപ്പാക്കിയത് 14-11-2017 ലെ ജി.ഒ.(ആർ.റ്റി.)2055/2017 മുഖേനയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിധി നടപ്പാക്കുന്നതിൽ വന്ന കാലതാമസം ടിയാന് പ്രമോഷൻ നിഷേധിക്കപ്പെടാൻ കാരണമായി എന്നത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സീനിയോറിറ്റി ലംഘനത്തിന്മേൽ, സീനിയറിന്റെ പരാതി ശരിയാണെന്ന് തെളിയുന്ന പക്ഷം, മുൻകാല പ്രാബല്യം ലഭിക്കേണ്ട സാഹചര്യത്തിൽ ശ്രീ. പുഷ്പശരന് അപ്രകാരം നീതി ലഭ്യമാകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (സി) & (ഡി) | ഓരോ വിഭാഗത്തിലും ഒഴിവുവരുന്ന മുറയ്ക്കാണ് നിയമനം നൽകിയിട്ടുള്ളത്. ശിൽപ്പകലാ വിഭാഗത്തിൽ പ്രൊഫസ്സർ ഗ്രേഡ്- I തസ്തികയിൽ ഒഴിവുണ്ടായ-തനുസരിച്ച് ശ്രീ. പുഷ്പശരന് ലഭിക്കേണ്ട സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ശ്രീ. പുഷ്പശരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രമോഷന് മുൻകാല പ്രാബല്യം നല്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കുമോ; | | |
| (ഇ) | ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജെ1/54/17 എന്ന ഫയലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ജെ1/54/2017 എന്ന ഫയലിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ